# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം
# 2019 നവംബർ മാസം 21 – ന് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം

ദേശീയ വിദ്യാഭ്യാസ നയം 2019–ന്റെ കരട് സാമൂഹ്യ ചർച്ചകൾക്കായി കേന്ദ്ര മാനവവിഭവ വികസന മന്ത്രാലയം പുറത്തുവിട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് നടക്കുന്ന ചർച്ചകളുടെ ഭാഗമായി വിദ്യാഭ്യാസ രംഗത്തെ ഏറ്റവും ഉയർന്ന ഉപദേശക സമിതിയായ കാബ് (സെൻട്രൽ അഡ്വൈസറി ബോർഡ് ഓൺ എഡ്യൂക്കേഷൻ)–ഉം ഇക്കാര്യം ചർച്ച ചെയ്യുകയുണ്ടായി.

നിലവിലുള്ള വിദ്യാഭ്യാസ നയം 1986–ൽ അംഗീകരിക്കപ്പെട്ടതും 1992–ൽ പരിഷ്കരിക്കപ്പെട്ടതുമാണ്. പുതിയ നയം അവതരിപ്പിക്കുമ്പോൾ വിശദമായ ചർച്ച രാജ്യത്താകമാനം നടത്തേണ്ടതുണ്ട്. അതിന് അനുയോജ്യമായ സാഹചര്യം ഒരുക്കുക എന്നത് കേന്ദ്ര സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽപ്പെട്ട ഭാഷകളിൽ കരട് നയം പുറത്തുവിട്ട് ചർച്ചയ്ക്കായി ആവശ്യമായ സമയം നൽകുക എന്നത് അനിവാര്യമാണ്. എന്നാൽ ഇത്തരമൊരു മുന്നൊരുക്കം ഉണ്ടായിട്ടില്ല.

പുതിയ നയം മുന്നോട്ടുവയ്ക്കുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ നടന്ന പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവയുടെ ശക്തിദൗർബല്യങ്ങൾ പരിശോധിക്കുകയും വേണം. നേട്ടങ്ങളെ ഉറപ്പിച്ചുനിർത്തിയും ശ്രദ്ധിക്കേണ്ട മേഖലകളെ ഊന്നിപ്പറഞ്ഞുകൊണ്ടും ദൗർബല്യങ്ങൾ പരിഹരിച്ചുകൊണ്ടും മുന്നോട്ടുപോകുകയാണ് വേണ്ടത്. എന്നാൽ അത്തരമൊരു സമീപനം ഈ രേഖയിൽ എവിടെയും കാണാനില്ല എന്നതാണ് യാഥാർത്ഥ്യം.

നിലവിലുള്ള ജനാധിപത്യ സമൂഹത്തെ ശക്തിപ്പെടുത്താൻ സഹായിക്കുന്ന വിധം ഭരണഘടനാ മൂല്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ അഭിപ്രായരൂപീകരണം നടത്താൻ സഹായകമാകുന്ന ഒന്നായിരിക്കണം വിദ്യാഭ്യാസ രംഗം. മതനിരപേക്ഷ, ജനാധിപത്യ, ഫെഡറൽ സമീപനങ്ങളെ ശക്തിപ്പെടുത്തുന്നതായിരിക്കണം അതിന്റെ കാഴ്ചപ്പാടുകൾ.

ഇന്ത്യൻ ഭരണഘടനയുടെയും അതിന്റെ സത്തയെയും ഉൾക്കൊള്ളുന്ന കാഴ്ചപ്പാടുകളിൽ നിന്ന് മാറിനിൽക്കുന്ന സമീപനമാണ് രേഖ മുന്നോട്ടുവയ്ക്കുന്നതെന്ന വിമർശനം പൊതു മണ്ഡലത്തിൽ ശക്തമായിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് എല്ലാ അധികാരങ്ങളും കേന്ദ്രസർക്കാരിൽ കേന്ദ്രീകരിക്കുന്നവിധമാണ്

നയരേഖയുടെ കരട് നിർദേശങ്ങൾ. വിദ്യാഭ്യാസം 42-ാം ഭരണഘടനാ ഭേദഗതി പ്രകാരം കൺകറന്റ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഈ മേഖലയിൽ ഒട്ടനവധി അധികാരങ്ങളുണ്ട്. ഈ സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് ഒരോ സംസ്ഥാനവും അവരവരുടെ വിദ്യാഭ്യാസ സമീപനങ്ങളും പരിപാടികളും ചിട്ടപ്പെടുത്തുകയും ചെയ്തിട്ടുള്ളത്. ഇങ്ങനെയുള്ള ഒരു സാഹചര്യം ലഭിച്ചതുകൊണ്ടാണ് വിദ്യാഭ്യാസരംഗത്ത് നമുക്ക് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത്. വൈവിധ്യങ്ങളാൽ സമ്പന്നമായ നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസ രംഗത്ത് എല്ലാ കാര്യങ്ങളും കേന്ദ്രീകൃതമാകുന്നത് ഭരണഘടനയുടെ സത്തക്ക് എതിരാണ്. പാഠപുസ്തകങ്ങൾപോലും കേന്ദ്രീകൃതമാകണം എന്ന നിർദേശം ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളോട് ഒത്തുപോകുന്നതല്ലെന്ന് മാത്രവുമല്ല ഇന്ത്യയുടെ ബഹുസ്വരതയെ ഉൾക്കൊള്ളുന്നതിന് വിഘാതമാകുന്ന തരത്തിലുള്ളതുമാണ്.

വിദ്യാഭ്യാസരംഗത്തെ ഏറ്റവും ഉയർന്ന ദേശീയ സമിതിയായ കാബ് - നെ ഇല്ലാതാക്കി പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ള രാഷ്ട്രീയ ശിക്ഷാ ആയോഗ് അമിത കേന്ദ്രീകരണത്തിന് വഴിവെക്കുന്ന നടപടി യാണ്. കാബ് - ൽ എല്ലാ സംസ്ഥാനങ്ങൾക്കും ഉപദേശക സ്വഭാവമുള്ള പ്രാതിനിധ്യമുണ്ട്. അതിന് പകരം പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു നിശ്ചിത എണ്ണം അംഗങ്ങളുമായി രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ള രാഷ്ട്രീയ ശിക്ഷാ ആയോഗ് വിദ്യാഭ്യാസരംഗത്തെ നയങ്ങളും പ്രവർത്തന പദ്ധതികളും രൂപം നൽകാനും വിലയിരുത്താനും മറ്റുമുള്ള എല്ലാ അധികാരങ്ങളുമുള്ള സമിതിയാണ്. ഈ സമിതിയാണ് ബഹുമുഖമായി നടത്തേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകമുഖമാക്കുന്നത്. മാത്രവുമല്ല രാഷ്ട്രീയ ശിക്ഷാ ആയോഗിൽ എല്ലാ സംസ്ഥാനങ്ങളുടെയും അഭിപ്രായം രേഖപ്പെടുത്താനുള്ള അവസരവുമില്ല. വൈവിധ്യപൂർണ്ണമായ നമ്മുടെ രാജ്യത്ത് വിവിധ സംസ്ഥാനങ്ങളുടെ അഭിപ്രായം രേഖപ്പെടുത്താനുള്ള അവസരം നിഷേധിക്കുന്നത് ഫെഡറലിസം എന്ന നിലപാടിൽ നിന്നുള്ള പിൻവാങ്ങലാണ്. അതിനാൽ 'രാഷ്ട്രീയ ശിക്ഷാ ആയോഗ്' എന്ന കരട് നയരേഖയിലെ നിർദ്ദേശം പിൻവലിക്കപ്പെടേണ്ടതാണ്.

ഇന്ത്യയിലെ 6 വയസ്സിനും 14 വയസ്സിനും ഇടയിലുള്ള മുഴുവൻ കുട്ടികളുടെയും വിദ്യാഭ്യാസം എന്ന അവകാശം ഉറപ്പുവരുത്തുന്നതിന് വേ ണ്ടിയാണ് സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസത്തിനായുള്ള 2009 - ലെ വിദ്യാഭ്യാസ അവകാശ നിയമം പാർലമെന്റ് അംഗീകരിച്ചത്. ഇതു പ്രകാരം സ്കൂൾ എന്നതും ഓരോ സ്കൂളിലും ഒരുക്കേണ്ട ചുരുങ്ങിയ സൗകര്യങ്ങളും നിർവ്വചിച്ചിട്ടുണ്ട്. ഈ നയരേഖയിൽ സ്കൂളുകൾ എന്നതിന് ബദൽ മാതൃകകളായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവയെല്ലാം 2009-ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ

നിന്നുള്ള പിൻമാറ്റമാണ്. മാത്രവുമല്ല ഇത്തരം പഴുതുകൾ വിദ്യാഭ്യാസത്തെ സ്വകാര്യവത്ക്കരിക്കുകയും കച്ചവടവത്ക്കരിക്കുകയും ചെയ്യുന്ന ശക്തികളെ പ്രോത്സാഹിപ്പിക്കുന്നതാണ്. വിദ്യാഭ്യാസരംഗത്തെ വൻതോതിലുള്ള സ്വകാര്യവത്ക്കരണത്തിനും കച്ചവടവത്ക്കരണത്തിനും ഇടനൽകുന്ന ഈ നിർദ്ദേശം പിൻവലിച്ച് 2009–ലെ വിദ്യാഭ്യാസ അവകാശ നിയമത്തിൽ വിഭാവനം ചെയ്തവിധം സ്കൂൾ വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്ന, പഠിക്കാനുള്ള അവകാശം 18 വയസ്സുവരെയുള്ള കുട്ടികൾക്ക് ലഭ്യമാകും വിധം 2009–ലെ വിദ്യാഭ്യാസ അവകാശ നിയമം വിപുലീകരിക്കുകയാണ് വേണ്ടത് .

കോത്താരി കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലുള്ള സ്കൂൾ ഘടന യാണ് ഇന്ന് നിലനിൽക്കുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ അവിടങ്ങ ളിലെ സാധ്യതക്കനുസരിച്ചാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ അക്കാദമിക ഘടന. അത് ഏകപക്ഷീയമായി രാജ്യത്തെമ്പാടും ഒറ്റ ഘടനയാക്കി മാറ്റുന്നത് അശാസ്ത്രീ യമാണ്. ആയതിനാൽ ഫെഡറൽ തത്വങ്ങളെ മാനിച്ചുകൊണ്ട് സ്കൂൾ വിദ്യാഭ്യാസ ത്തിലെ അക്കാദമിക ഘടന തീരുമാനിക്കാനുള്ള അവകാശം അതത് സംസ്ഥാന ങ്ങൾക്ക് ഉണ്ടാകണം.

ഉന്നത വിദ്യാഭ്യാസ രംഗത്ത് വരുത്താൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ കേരളം പോലുള്ള സംസ്ഥാനത്ത് നിലവിലിരിക്കുന്ന വ്യവസ്ഥകളുടെ സമഗ്രമായ മാറ്റ ത്തിലേക്ക് വഴിതെളിക്കും. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേലുള്ള ജനാധിപ ത്യപരമായ നിയന്ത്രണങ്ങൾ ഇല്ലാതാകുന്ന സാഹചര്യം ഉണ്ടാകുമെന്ന ആശങ്ക നില നിൽക്കുന്നുണ്ട്. അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളിലും ഇന്നത്തെ നില യിൽ നിന്നും പിന്നോട്ടുപോക്ക് ഉണ്ടാകാൻ പാടില്ലാത്തതാണ്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിന്റെ കാര്യത്തിലും സംസ്ഥാന സവിശേഷതകൾ അവഗണിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കേണ്ടതാണ്.

ഉന്നതവിദ്യാഭ്യാസ രംഗത്ത് ഒരോ സംസ്ഥാനങ്ങളിലും പ്രത്യേകമായി നില നിൽക്കുന്ന സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ധനവിനിയോഗ രീതി പിന്തുട രുന്നതിനുള്ള സുസ്ഥിര നിർദ്ദേശങ്ങൾ ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉണ്ടാ കേണ്ടതുണ്ട്. ഇത്തരം ഒരു നിലപാട് കരട് നയത്തിൽ ഉണ്ടായതായി കാണുന്നില്ല.

കരട് നയത്തിൽ നിർദേശിച്ചിട്ടുള്ള നാഷണൽ റിസർച്ച് ഫൗണ്ടേഷൻ എന്ന കേന്ദ്രീകൃത സംവിധാനം ഗവേഷകരുടെ വിഷയം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെപ്പോലും ഇല്ലാതാക്കി മാറ്റുന്നതിന് കാരണ മാകും. സംസ്ഥാന സർവ്വകലാശാലകളിൽ നടക്കുന്ന ഗവേഷണ പദ്ധതികളെ ഈ സംവിധാനം പരിമിതപ്പെടുത്തിയേക്കുമെന്നത് അഭികാമ്യമല്ലാത്ത ഒരു സ്ഥിതി വിശേഷം സൃഷ്ടിക്കും. ഉന്നത വിദ്യാഭ്യാസ മേഖലയിൽ വികാസം, മികവ്, സമത്വം

എന്നിവ ഉറപ്പുവരുത്താനും ബഹുവൈജ്ഞാനിക തലത്തിൽ അദ്ധ്യാപനത്തിനും ഗവേഷണത്തിനുമുള്ള സംവിധാനങ്ങൾ ഒരുക്കുവാനും പദ്ധതി ഉണ്ടാകണം. ഈ ദിശയിലുള്ള നിർദ്ദേശങ്ങൾ കരട് നയരേഖയിൽ കാണുന്നില്ല.

വിദ്യാഭ്യാസരംഗത്തെ കേന്ദ്രീകരണശ്രമങ്ങൾ വിദ്യാഭ്യാസത്തെ വാണിജ്യവത്ക്കരിക്കുന്നതിനും, വർഗ്ഗീയവത്ക്കരിക്കുന്നതിനും വഴിതുറക്കുന്നതു വഴി ബഹുഭൂരിപക്ഷം വരുന്ന വിദ്യാർത്ഥികൾക്കും ഇന്ത്യൻ ഭരണഘടന മുന്നോട്ടുവച്ചിട്ടുള്ള ജനാധിപത്യ, മതനിരപേക്ഷ, സോഷ്യലിസ്റ്റ് മൂല്യങ്ങളും നിലപാടുകളും രൂപപ്പെടുത്താനുള്ള വിദ്യാഭ്യാസ അന്തരീക്ഷവും അവകാശവും നിഷേധിക്കപ്പെടാൻ ഇടയാക്കുമെന്നതിനാൽ ഗുണമേൻമയുള്ള വിദ്യാഭ്യാസം ഇന്ത്യയുടെ മുഴുവൻ വിദ്യാർത്ഥികളുടേയും അവകാശമാക്കി മാറ്റാനും ജനാധിപത്യ മത നിരപേക്ഷ വിദ്യാഭ്യാസം ഉറപ്പാക്കാനും കഴിയും വിധം ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ഫെഡറൽ നിലപാട് ഊട്ടിയുറപ്പിക്കുന്ന വിദ്യാഭ്യാസ നയമാണ് രാജ്യത്തിനാവശ്യം.

ഈ സാഹചര്യത്തിൽ രാജ്യതാൽപര്യം മുൻനിർത്തി എല്ലാ സംസ്ഥാന സർക്കാരുകളുമായും വിദ്യാഭ്യാസ വിചക്ഷണൻമാരുമായും കൂടുതൽ കൂടിയാലോചനകളും ചർച്ചകളും നടത്തിവേണം ദേശീയ വിദ്യാഭ്യാസ നയരേഖ അന്തിമരേഖയാക്കി അംഗീകരിക്കേണ്ടതെന്ന് ഈ സഭ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

തിരുവനന്തപുരം എസ്.വി.ഉണ്ണികൃഷ്ണൻ നായർ,

21.11.2019 സെക്രട്ടറി.